# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702



പി.ആർ.ഒ./39/247/2018 2018 നവംബർ 19


## എം.ജി. വാർത്താക്കുറിപ്പ്

---

### ചെലവില്ലാ പ്രകൃതി കൃഷി വ്യാപിപ്പിക്കാൻ ജനകീയ മുന്നേറ്റം വേണം: സുഭാഷ് പലേക്കർ

**– വിദ്യാർഥികൾ കൃഷിരീതികൾ അറിഞ്ഞിരിക്കണം**

ഭൂമിയുടെയും കാലാവസ്ഥയുടെയും സന്തുലിതാവസ്ഥ നിലനിർത്തുന്ന ചെലവില്ലാ പ്രകൃതി കൃഷി വ്യാപിപ്പിക്കാൻ ജനകീയ മുന്നേറ്റം വേണമെന്ന് പ്രകൃതി കൃഷിയുടെ പ്രചാരകനും കാർഷിക ശാസ്ത്രജ്ഞനുമായ സുഭാഷ് പലേക്കർ. മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ബയോസയൻസസും എൻ.എസ്.എസും സംയുക്തമായി സർവകലാശാല കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ 'ചെലവില്ലാ പ്രകൃതികൃഷി; സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാലയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മറ്റു പ്രധാന കൃഷി രീതികൾ ഭൂമിയുടെ സന്തുലിതാവസ്ഥയെ ദോഷകരമായി ബാധിക്കുന്നതും കാലാവസ്ഥാ വ്യതിയാനത്തിനും ആഗോളതാപനത്തിനും കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങൾ ഉൽപ്പാദിപ്പിക്കുന്നതുമാണ്. ചെലവില്ലാത്ത പ്രകൃതി കൃഷിയാണ് ഇതിന് പരിഹാരം. ചെലവില്ലാ പ്രകൃതികൃഷി ഭൂമിക്കും കർഷകനും ഗുണകരമാണ്. പ്രകൃതികൃഷി വ്യാപിപ്പിക്കാൻ ജനങ്ങളുടെ മുന്നേറ്റമാണ് വേണ്ടത്. അത് അധികാരത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കരുതെന്നും അദ്ദേഹം പറഞ്ഞു. രാസവളങ്ങളും ജൈവവളങ്ങളും ഉപയോഗിച്ചുള്ള കൃഷി നിരോധിക്കാൻ സർക്കാരുകൾക്കാവില്ല. പക്ഷേ, ഇതിനൊപ്പം ചെലവില്ലാ പ്രകൃതി കൃഷി പ്രോത്സാഹിപ്പിക്കാനുള്ള സത്വര നടപടികൾ വേണം. ബിരുദാനന്തര ബിരുദവും മറ്റു കോഴ്സുകളുമൊക്കെ കഴിഞ്ഞിറങ്ങുന്ന വിദ്യാർഥികൾ കാർഷികവൃത്തികളെക്കുറിച്ചും കൃഷിരീതിയെക്കുറിച്ചും അറിവുള്ളവരായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ശില്പശാലയുടെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ അധ്യക്ഷത വഹിച്ചു. പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, ഡോ. ലിനു മാത്യു, പ്രൊഫ. എം.എസ്. ജിഷ എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**(1) മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ബയോസയൻസസും എൻ.എസ്.എസും സംയുക്തമായി സർവകലാശാല കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ 'ചെലവില്ലാ പ്രകൃതികൃഷി; സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാലയിൽ കൃഷി ശാസ്ത്രജ്ഞൻ സുഭാഷ് പലേക്കർ സംസാരിക്കുന്നു. സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ സമീപം**

**(2) മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ബയോസയൻസസും എൻ.എസ്.എസും സംയുക്തമായി സർവകലാശാല കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ 'ചെലവില്ലാ പ്രകൃതികൃഷി; സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാലയിൽ പങ്കെടുത്ത കൃഷി ശാസ്ത്രജ്ഞൻ സുഭാഷ് പലേക്കറിന് സർവകലാശാലയുടെ ഉപഹാരം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സമ്മാനിക്കുന്നു. സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ സമീപം**

## എം.ജി.യിൽ ഖ്വാമി ഏകതാ വാരത്തിന് തുടക്കം

ദേശീയോദ്ഗ്രഥന വാരാചരണത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ ജീവനക്കാർ ദേശീയോദ്ഗ്രഥന പ്രതിജ്ഞയെടുത്തു. മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ജന്മവാർഷികദിനത്തോടനുബന്ധിച്ച് നവംബർ 25 വരെയാണ് ദേശീയോദ്ഗ്രഥന വാരം (ഖ്വാമി ഏകതാ വാരം) ആഘോഷിക്കുന്നത്. വാരാഘോഷത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ഡോ. ബി. പ്രകാശ് കുമാർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി. മൈക്രോബയോളജി (കോർ - 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) ഒക്ടോബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 29 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

അഞ്ചാം സെമസ്റ്റർ ബി.എ. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, വിഷ്വൽ ആർട്സ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ആനിമേഷൻ ആന്റ് വിഷ്വൽ എഫക്ട്സ്, ഓഡിയോഗ്രാഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ് (സി.ബി.സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ റീഅപ്പിയറൻസ്) ഒക്ടോബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 24 മുതൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പരീക്ഷ സമയക്രമം

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013 - 2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ രാവിലെ 9.30 മുതൽ 12.30 വരെയും മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2017 അഡ്മിഷൻ) പരീക്ഷകൾ ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും (വെള്ളിയാഴ്ചകളിൽ രണ്ടു മുതൽ അഞ്ചു വരെയും) നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## വൈവാവോസി

2018 ഒക്ടോബറിൽ നടത്തിയ ആറാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം- 2015 അഡ്മിഷൻ റഗുലർ, 2009-2014 അഡ്മിഷൻ സപ്ലിമെന്ററി, 2009ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്), പത്താം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം - 2006 - 2010 അഡ്മിഷൻ സപ്ലിമെന്ററി, 2006ന് മുമ്പ് അഡ്മിഷൻ മേഴ്സി ചാൻസ് - കോമൺ) പരീക്ഷകളുടെ വൈവാവോസി ഡിസംബർ നാലു മുതൽ 13 വരെ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടത്തും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും സീപാസിലേയും മൂന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2017 അഡ്മിഷൻ റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ഡിസംബർ ഏഴിന് നടക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 23 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 27 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

## റൂറൽ ഡെവലപ്മെന്റ് ഹ്രസ്വകാല കോഴ്സ്

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേർണിംഗ് ആന്റ് എക്സ്റ്റൻഷനിൽ നവംബർ 21 മുതൽ തുടങ്ങാനിരുന്ന റൂറൽ ഡെവലപ്മെന്റ് എന്ന 10 ദിവസം ദൈർഘ്യമുള്ള ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ് ശനി, ഞായർ ദിവസങ്ങളിലായി നടത്താൻ നിശ്ചയിച്ചു. പ്രവേശനത്തിന് ആഗ്രഹിക്കുന്നവർ നവംബർ 24ന് പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481 – 2731560, 2731724

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ